മടങ്ങാൻ തീയതി കുറിച്ച് ഹസീന

കാലുകുത്തിയാൽ ജയിലിൽ അടയ്ക്കുമെന്ന് ബംഗ്ലാദേശ്

ന്യൂഡൽഹി: ഇന്ത്യയിൽ പ്രവാസജീവിതം നയിക്കുന്ന ഷെയ്ഖ് ഹസീന ബംഗ്ലാദേശിലേക്ക് മടങ്ങുന്നു. വിദ്യാർഥിപ്രക്ഷോഭത്തെത്തുടർന്ന് പലായനം ചെയ്ത ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി അടുത്ത മാസം നാട്ടിലേക്കു മടങ്ങാൻ പദ്ധതിയിടുന്നതായി അവരുടെ വക്താവ് സയ്യിദ് മൊസമ്മൽ അലി അറിയിച്ചു. 1971ലെ ബംഗ്ലാ വിമോചന യുദ്ധം ജയിച്ചതിന്റെ വാർഷികദിനമായ ഡിസംബർ 16ന് ഹസീന ബംഗ്ലാദേശിൽ മടങ്ങിയെത്തുമെന്നാണു റിപ്പോർട്ട്. ബംഗ്ലാദേശിന്റെ ഔദ്യോഗിക വിമാനക്കമ്പനിയായ ബിമാൻ ബംഗ്ലാദേശ് എയർലൈൻസിൽ ഡൽഹിയിൽനിന്നു ധാക്കയിലേക്കു യാത്രയ്ക്കുള്ള സൗകര്യമൊരുക്കണമെന്ന് ഹസീന ബംഗ്ലാദേശ് സർക്കാരിനെ അറിയിച്ചു.

ഭരണഘടന ലംഘിച്ചാണ് ഹസീനയെ നാടുകടത്തിയതെന്നും അവരുടെ തിരിച്ചുവരവിന് സൗകര്യമൊരുക്കേണ്ട ഉത്തരവാദിത്വം ബംഗ്ലാദേശ് സർക്കാരിനുണ്ടെന്നും സയ്യിദ് മൊസമ്മൽ അലി പറഞ്ഞു. 2024ലെ വിദ്യാർഥിപ്രക്ഷോഭത്തെ അടിച്ചമർത്തിയെന്നാരോപിച്ച് ഹസീനയെ ബംഗ്ലാദേശ് പരമോന്നത കോടതി വധശിക്ഷയ്ക്കു വിധിച്ചിരുന്നു. തനിക്കെതിരായ കുറ്റങ്ങളെല്ലാം നിഷേധിച്ച ഹസീന രാജ്യത്തേക്ക് മടങ്ങിയെത്തി കോടതിയിൽ കീഴടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചു. പുതിയ പാസ്പോർട്ടിനും ദേശീയ തിരിച്ചറിയൽ കാർഡിനുമായി ഹസീനയുടെ അഭിഭാഷകൻ ഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷനെ സമീപിച്ചിരുന്നു.



എന്നാൽ, പുതിയ യാത്രാരേഖകൾ നൽകണമെന്ന ആവശ്യം ബംഗ്ലാദേശ് സർക്കാർ നിരസിച്ചു. ഇത് ബംഗ്ലാദേശിൽ വീണ്ടും കലാപമുണ്ടാക്കാൻ ഇടയാക്കി. ജയിലിലടയ്ക്കുകയോ വധശിക്ഷ നടപ്പാക്കുകയോ ചെയ്താലും തനിക്ക് നാട്ടിലേക്കു മടങ്ങിപ്പോയേ മതിയാകൂവെന്ന് നേരത്തേ ഡൽഹിയിൽ ഒരു പരിപാടിയിൽ സംസാരിക്കവേ ഹസീന പറഞ്ഞിരുന്നു. അധികാരം നഷ്ടപ്പെട്ട് പലായനം ചെയ്ത ഹസീന രണ്ട് വർഷമായി ഇന്ത്യയിൽ അഭയാർഥിയായി കഴിയുകയാണ്. ബംഗ്ലാദേശ് നിരന്തരം ആവശ്യപ്പെടുന്നുണ്ടെങ്കിലും ഹസീനയെ വിട്ടുനൽകാൻ ഇന്ത്യ തയാറായിട്ടില്ല.

ഹസീനയെ തിരികെ കൊണ്ടുവരുന്നത് കൈവിലങ്ങുകളോടെയോ കർശന നിരീക്ഷണത്തിലൂടെയോ മാത്രമേ സാധ്യമാകൂവെന്ന് ബംഗ്ലാദേശ് വിദേശകാര്യമന്ത്രി ഹുമയൂൺ കോബിർ പറഞ്ഞു. വിദേശത്ത് ഒളിവിൽ കഴിയുന്ന കുറ്റവാളികൾക്കു ബാധകമായ എല്ലാ നിയമങ്ങളും അവർക്കും ബാധകമാകുമെന്നും അദ്ദേഹം പറഞ്ഞു. അവാമി ലീഗ് ഹസീനയെ തിരികെ കൊണ്ടുവരണമെന്നാവശ്യപ്പെട്ട് രാജ്യത്ത് പ്രതിഷേധങ്ങൾ നടത്തുന്നുണ്ട്. രാജ്യത്തിന്റെ പലഭാഗത്തും അക്രമസംഭവങ്ങളും തീവയ്പും നടക്കുകയാണ്.

ഫെയർനസ് ക്രീമുകളിലൂടെ വൃക്കരോഗം: വിദഗ്ധരുടെ പഠനറിപ്പോർട്ട് അവഗണിച്ചെന്ന്

കണ്ണൂർ: ചില ഫെയർനസ് ക്രീമുകൾ ഉപയോഗിച്ചാൽ വൃക്കരോഗം ബാധിക്കുമെന്ന ഡോക്ടർമാരുടെ പഠനവിവരം അവഗണിച്ചതായി റിപ്പോർട്ട്.

കോട്ടക്കൽ ആസ്റ്റർ മിംസ് ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധരായ ഡോ. രഞ്ജിത് നാരായണൻ, ഡോ. സജീഷ് ശിവദാസ്, ഡോ. അനില ഏബ്രഹാം കുര്യൻ എന്നിവർ നിരന്തരപഠനം നടത്തുകയും ചില ഫെയർനസ് ഉപയോഗിച്ചതുകൊണ്ടു മാത്രം കുറേ യുവരോഗികളിൽ വൃക്കരോഗം ഉണ്ടായതായി 2023 ൽ സ്ഥിരീകരിക്കുകയും ചെയ്തിരുന്നു.

ഇക്കാര്യം ഇന്റർനാഷണൽ സൊസൈറ്റി ഓഫ് നെഫ്രോളജി (ഐഎസ്എൻ) യുടെ അമേരിക്കയിലെ ന്യൂജഴ്സിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന കിഡ്നി ഇന്റർനാഷണൽ എന്ന ജേണലിൽ 2024ൽ പ്രസിദ്ധീകരിച്ചിരുന്നു.

കിഡ്നി കെയർ കേരളയുടെ ഉപദേഷ്ടാവുകൂടിയായ ഡോ. സജീഷ് ശിവദാസ് ഇക്കാര്യം അറിയിച്ചതിനെത്തുടർന്ന് 2024 മുതൽ സംഘടന പ്രചാരണം നടത്തുന്നുണ്ടെങ്കിലും ഗൗരവം ഉൾക്കൊള്ളാൻ യുവതലമുറയും ആരോഗ്യവകുപ്പും തയാറായില്ലെന്നു കിഡ്നി കെയർ കേരള ചെയർമാൻ പി.പി. കൃഷ്ണൻ പറഞ്ഞു.



ഈ വിഷയവും കൂടി ഉൾപ്പെടുത്തി വൃക്കരോഗ കാരണം സംബന്ധിച്ച് ആരോഗ്യ വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യാപക ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചാൽ വൃക്കരോഗത്തിന്റെ തോത് ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്നും കിഡ്നി കെയർ കേരള ചൂണ്ടിക്കാട്ടി.

ഇത്തരം ക്രീമുകളുടെ ഉപയോഗം തടയുന്നതിന് അവയിലടങ്ങിയിരിക്കുന്ന അപകടകരമായ ഘടകങ്ങളെക്കുറിച്ച് ഡോക്ടർമാരെ ധരിപ്പിക്കണമെന്നും ഇവയുടെ ലഭ്യത കുറയ്ക്കുന്നതിനു നിയന്ത്രണ ഏജൻസികൾക്ക് മുന്നറിയിപ്പ് നൽകണമെന്നും റിപ്പോർട്ടിൽ നിർദേശിച്ചിരുന്നു. ഇത്തരം ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിലെ അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തേണ്ടതും ആരോഗ്യ അധികൃതരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരേണ്ടതും അത്യന്താപേക്ഷിതമാണെന്നും മുമ്പേ ചൂണ്ടിക്കാണിച്ചിരുന്നു.

രോഗം കണ്ടെത്തുന്ന സമയത്ത് പ്രകടമാകുന്ന ലക്ഷണങ്ങൾ വളരെ സൂക്ഷ്മമായതും ചർമം വെളുപ്പിക്കുന്ന ക്രീമുകളും 'നെഫ്രോട്ടിക് സിൻഡ്രോം' എന്ന വൃക്കരോഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഡോക്ടർമാർക്കു വേണ്ടത്ര അറിവില്ലാത്തതുംമൂലം രോഗിയുടെ ആരോഗ്യചരിത്രം ചോദിച്ചറിയുന്നതിൽ വരുന്ന വീഴ്ചകളുമാകാം ഈ പ്രശ്നം വലിയ തോതിൽ ഇതുവരെ തിരിച്ചറിയപ്പെടാതെ പോയതിന്റെ കാരണമെന്നും റിപ്പോർട്ടിൽ ഡോക്ടർമാർ പറയുന്നുണ്ട്.

മദ്യനയത്തിൽ വിട്ടുവീഴ്ചയ്ക്കില്ല: ബിഷപ് പുത്തൻവീട്ടിൽ

കൊച്ചി: മദ്യനയത്തിൽ ജനവിരുദ്ധമായവയുണ്ടെങ്കിൽ വിട്ടുവീഴ്ചയ്ക്കില്ലെന്നും ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും മുൻഗണന നൽകണമെന്നും കെസിബിസി മദ്യവിരുദ്ധ കമ്മിഷൻ ചെയർമാൻ ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ. കെസിബിസി മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന നിർവാഹകസമിതി യോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മുൻ യുഡിഎഫ് സർക്കാരുകളുടെ മദ്യനയ സമീപനമാണു സഭയും സമിതിയും പ്രതീക്ഷിക്കുന്നത്. തെരഞ്ഞെടുപ്പ് പ്രകടനപത്രികയോടു കുറുപുലർത്തുമെന്നാണ് വിശ്വാസം. പുറത്തുവരുന്ന പ്രതികരണങ്ങൾ ഊഹാപോഹങ്ങളായേ കാണുന്നുള്ളൂ. മദ്യനയത്തിൽ ജനവിരുദ്ധതയുണ്ടായ കാലഘട്ടങ്ങളിലൊക്കെത്തന്നെ സർക്കാരുകളുടെ നിറം നോക്കാതെ സമിതി പ്രതികരിച്ചിട്ടുണ്ട്. അതു മനുഷ്യനന്മയെ കരുതിയാണെന്നും ബിഷപ് പറഞ്ഞു.

കമ്മിഷൻ സെക്രട്ടറി ഫാ. തോമസ് സൈജു അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള, ഫാ. ദേവസി പന്തല്ലൂക്കാരൻ, വി.ഡി. രാജു, അന്തോണിക്കുട്ടി ചെതലൻ, ആന്റണി ജേക്കബ്, എ.ജെ. ഡിക്രൂസ്, ദീപ്തി മേരി, റോയി മുരിക്കോലിൽ എന്നിവർ പ്രസംഗിച്ചു. കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം ഫെബ്രുവരി 19 ന് കൊച്ചിയിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ശബരിമല: കൂടുതൽ സ്ഥലങ്ങളിൽ സ്പോട്ട് ബുക്കിംഗ് അനുവദിക്കണമെന്ന് മന്ത്രി

തിരുവനന്തപുരം: ശബരിമല തീർഥാടകർക്ക് നിലവിലുള്ള വെർച്വൽ ക്യൂ സംവിധാനത്തിന് പുറമേ കൂടുതൽ സ്ഥലങ്ങളിൽ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് ആരോഗ്യ-ദേവസ്വം മന്ത്രി കെ. മുരളീധരൻ. തിരുവനന്തപുരം, പന്തളം, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ സ്പോട്ട് ബുക്കിംഗ് ആരംഭിക്കുന്നതു പരിഗണിക്കണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന് മന്ത്രി കത്ത് നൽകി.

ആഭ്യന്തര വകുപ്പുമായി കൂടിയാലോചിച്ച് ഹൈക്കോടതിയുടെ അനുമതിയോടെ ഇതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് മന്ത്രിയുടെ ആവശ്യം. വെർച്വൽ ക്യൂ വഴി പ്രതിദിനം നിശ്ചിത എണ്ണം തീർഥാടകർക്കു മാത്രമാണ് രജിസ്ട്രേഷന് അനുമതിയുള്ളത്. എന്നാൽ, രജിസ്റ്റർ ചെയ്യുന്നവരിൽ ഒരു വിഭാഗം വിവിധ കാരണങ്ങളാൽ ദർശനത്തിനെത്തുന്നില്ല. ബുക്ക് ചെയ്തവരുടെ എണ്ണവും യഥാർഥത്തിൽ ദർശനത്തിനെത്തുന്നവരുടെ എണ്ണവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ടെന്നും മന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി.

ലോകത്ത് ഓരോ മണിക്കൂറിലും അഞ്ചു സ്ത്രീകൾ കൊല്ലപ്പെടുന്നു

ന്യൂയോർക്ക്: ലോകമെമ്പാടുമായി മണിക്കൂറിൽ അഞ്ചു സ്ത്രീകൾ വീതം സ്വന്തം പങ്കാളികളുടെയോ കുടുംബാംഗങ്ങളുടെയോ കൈകളാൽ കൊല്ലപ്പെടുന്നതായി യുഎൻ റിപ്പോർട്ട്. കഴിഞ്ഞ വർഷം മാത്രം ഏകദേശം 47,000 സ്ത്രീകളും പെൺകുട്ടികളുമാണ് ഇത്തരത്തിൽ കൊല്ലപ്പെട്ടത്. ആഗോളതലത്തിൽ മൂന്നിലൊരാൾ എന്ന കണക്കിൽ സ്ത്രീകൾ ശാരീരികമോ ലൈംഗികമോ ആയ അതിക്രമങ്ങൾ നേരിടുന്നുണ്ടെങ്കിലും വെറും ഏഴു ശതമാനം പേർ മാത്രമാണു പൊലിസിൽ പരാതിപ്പെടാൻ തയാറാകുന്നതെന്നും യുഎൻ വിമൻ പുറത്തുവിട്ട മറ്റൊരു റിപ്പോർട്ട് വ്യക്തമാക്കുന്നു.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിനു മുന്നോടിയായി യുഎൻ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈമും യുഎൻ വിമനും സംയുക്തമായി പുറത്തിറക്കിയ '2026 ഫെമിസൈഡ് ബ്രീഫ്' എന്ന റിപ്പോർട്ടിലാണ് ഈ ഞെട്ടിക്കുന്ന വിവരങ്ങളുള്ളത്. കഴിഞ്ഞ വർഷം ലോകത്താകമാനം നടന്ന 78,000 സ്ത്രീഹത്യകളിൽ 60 ശതമാനത്തിനും പിന്നിൽ ഇവരുടെ പങ്കാളികളോ അടുത്ത ബന്ധുക്കളോ ആണ്.



പങ്കാളികളിൽനിന്നും കുടുംബാംഗങ്ങളിൽനിന്നു മുള്ള കൊലപാതകനിരക്ക് ഏറ്റവും കൂടുതൽ ആഫ്രിക്കയിലാണ്. നേരിടുന്നവരാണ്.

എഐ ഉപയോഗിച്ചു നിമിഷങ്ങൾക്കകം സ്ത്രീകളുടെ വ്യാജ നഗ്നചിത്രങ്ങൾ നിർമിക്കാൻ സാധിക്കുന്നത് അവരുടെ ജീവിതത്തെത്തന്നെ വേട്ടയാടുന്നതായും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.

ശിക്ഷിക്കപ്പെടാത്ത കുറ്റവാളികൾ

54 രാജ്യങ്ങളിൽനിന്നുള്ള വിവരങ്ങൾ ശേഖരിച്ച് യുഎൻ വിമൻ തയാറാക്കിയ റിപ്പോർട്ട് പ്രകാരം ലോകത്ത് ഏകദേശം 84 കോടി സ്ത്രീകളും പെൺകുട്ടികളും ജീവിതത്തിൽ ഒരിക്കലെങ്കിലും ശാരീരികമോ ലൈംഗികമോ ആയ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. എന്നാൽ, ഇവരിൽ 23 ശതമാനം പേർ മാത്രമാണ് കുടുംബത്തോടോ അധികാരികളോടോ സഹായം തേടുന്നത്.

റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ 63 മുതൽ 97 ശതമാനം വരെ കേസുകളിലും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ലെന്ന് യുഎൻ വിമൻ വിഭാഗം മേധാവി കലിയോപി മിൻഗെയ്റു വ്യക്തമാക്കി. ആവർത്തിച്ചുള്ള ചോദ്യംചെയ്യലുകളും ഭീഷണികളും കാരണം അതിജീവിതർ പിന്മാറുന്നതും അധികാരസ്ഥാനങ്ങളിലുള്ള കുറ്റവാളികൾ രക്ഷപ്പെടുന്നതും പതിവാണെന്നും അവർ പറഞ്ഞു.

ഭീഷണിയായി സൈബർ ഇടങ്ങളും എഐയും

പൊതുരംഗത്തു പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകർ, മനുഷ്യാവകാശ പ്രവർത്തകർ തുടങ്ങിയവരിൽ 70 ശതമാനം സ്ത്രീകളും ഓൺലൈൻ അതിക്രമങ്ങൾ നേരിടുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിനു മുന്നോടിയായി യുഎൻ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈമും യുഎൻ വിമനും സംയുക്തമായി പുറത്തിറക്കിയ '2026 ഫെമിസൈഡ് ബ്രീഫ്' എന്ന റിപ്പോർട്ടിലാണ് ഈ ഞെട്ടിക്കുന്ന വിവരങ്ങളുള്ളത്. കഴിഞ്ഞ വർഷം ലോകത്താകമാനം നടന്ന 78,000 സ്ത്രീഹത്യകളിൽ 60 ശതമാനത്തിനും പിന്നിൽ ഇവരുടെ പങ്കാളികളോ അടുത്ത ബന്ധുക്കളോ ആണ്.

പങ്കാളികളിൽനിന്നും കുടുംബാംഗങ്ങളിൽനിന്നു മുള്ള കൊലപാതകനിരക്ക് ഏറ്റവും കൂടുതൽ ആഫ്രിക്കയിലാണ്. നേരിടുന്നവരാണ്.

എഐ ഉപയോഗിച്ചു നിമിഷങ്ങൾക്കകം സ്ത്രീകളുടെ വ്യാജ നഗ്നചിത്രങ്ങൾ നിർമിക്കാൻ സാധിക്കുന്നത് അവരുടെ ജീവിതത്തെത്തന്നെ വേട്ടയാടുന്നതായും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.

ഇന്ന് ആരംഭിക്കുന്ന 16 ദിവസത്തെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരായ കാമ്പയിനു മുന്നോടിയായാണ് റിപ്പോർട്ട് പുറത്തുവിട്ടത്. അതിജീവിതരെ വിശ്വസിക്കാനും അവരുടെ പരാതികളിൽ കൃത്യമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും സർക്കാരുകളും പൊലിസും കോടതികളും ടെക് കമ്പനികളും മുന്നോട്ടു വരണമെന്ന് യുഎൻ ആവശ്യപ്പെട്ടു.

നഷ്ടപ്പെട്ടു

എന്റെയും, എന്റെ ഭാര്യ മിനി സതീശന്റേയും പാസ്സ്പോർട്ടുകൾ (സതീശൻ - X7210922, മിനി സതീശൻ -X7212235 നഷ്ടപ്പെട്ടു. കിട്ടിയവർ തിരിച്ചേൽപ്പിക്കുക. 7 ദിവസത്തിനകം കിട്ടാത്തപക്ഷം ഡ്യൂപ്ലിക്കേറ്റിനായി അപേക്ഷിക്കുന്നതാണ്.
സതീശൻ, കൃഷ്ണവിഹാർ, ആലപ്പാട്ട് ഹൗസ്, പുല്ലഴി പി.ഒ., തൃശൂർ
T2611-608775

ദീപിക ക്ലാസിഫൈഡ്സ്

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
ഇടനിലക്കാരില്ലാതെ കുറഞ്ഞ ചിലവിൽ പെർമിറ്റ് ഉള്ള ടാങ്കറിൽ കൊണ്ടുപോകും. തൃശൂർ ജില്ലയിൽ എവിടേയും. ബ്ലോക്ക്, പ്ലംമ്പിംഗ് എല്ലാത്തരം മെയിന്റൻസ് വർക്കും ചെയ്യുന്നു.
Ph: 9539108888,9539118888
T2611-607553

മാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7356036003
ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2611-607416

Federal Bank
എൽ. സി. ആർ. ഡി തൃശ്ശൂർ ഡിവിഷൻ
ഒന്നാം നില, ചെഞ്ചേരി ടവർ, തൃശ്ശൂർ – എറണാകുളം ഹൈ റോഡ്, ഒല്ലൂർ, തൃശ്ശൂർ-680306 Ph.0487-2424654, Email: tsrlcrd@federal.bank.in
www.federal.bank.in CIN: L65191KL1931PLC000368

വസ്തു ലേല വിൽപ്പന പരസ്യം

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട്, 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻ ഫോഴ്സ്മെന്റ്) ചട്ടം 2002 റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തു ലേല വിൽപന അറിയിപ്പ്

ബാങ്കിന്റെ അംഗീകൃത ഉദ്യോഗസ്ഥൻ **14.08.2025** ന് ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചതനുസരിച്ച്, ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിൽ പണയപ്പെടുത്തിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന വസ്തു ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ളതാണെന്നും, വായ്പക്കാർ/ ജാമ്യക്കാരായ **(1)ശ്രീ. അനന്തു പുഴങ്കര @ അനന്തു പി.** S/o വിജയകുമാർ ടി., പുഴങ്കര ഹൗസ്, അകത്തിയൂർ പി.ഒ., കുന്നംകുളം, തൃശൂർ, കേരള - 680519, **(2) ശ്രീമതി. രതി പി.**, W/o വിജയകുമാർ ടി., പുഴങ്കര ഹൗസ്, അകത്തിയൂർ പി.ഒ., കുന്നംകുളം, തൃശൂർ, കേരള - 680519, എന്നിവരിൽ നിന്നും ലഭിക്കാനുള്ള **14.12.2026 ലെ** തുകയായ **രൂ.51,66,198/– (അമ്പത്തിയൊന്ന് ലക്ഷത്തി അറുപത്താറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം)** ഫെഡറൽ NRI ഹൗസിങ് ലോണിന് കീഴിൽ തുടർന്നുള്ള പലിശ/ചെലവുകൾ/ ചാർജുകൾ സഹിതം ഈടാക്കുന്നതിനുവേണ്ടി താഴെ കൊടുത്തിട്ടുള്ള വസ്തു വഹകൾ **തൃശൂർ/മെയിൻ ബ്രാഞ്ചിലേക്ക്** ഈടാക്കി കിട്ടുന്നതിലേയ്ക്കായി 'എവിടെയാണോ' 'എങ്ങിനെയാണോ' 'എന്തുതന്നെയായാലും അങ്ങനെ തന്നെ' എന്ന അടിസ്ഥാനത്തിൽ **14.12.2026**ന് വിൽപന നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു.

സ്ഥാവര വസ്തുവഹകളുടെ വിവരണം

കേരള സംസ്ഥാനം, തൃശൂർ ജില്ല, തൃശൂർ താലൂക്ക്, അരണാട്ടുകര വില്ലേജ്, സർവ്വെ നം.423/P ൽപ്പെട്ട 2.02 ആർസ് സ്ഥലവും, കെട്ടിടവും എല്ലാ മെച്ചപ്പെടുത്തലുകളും എല്ലാ അംശങ്ങളും ഭാഗങ്ങളും ഉൾപ്പെടെ. അതിർത്തികൾ:- **കിഴക്ക്:** കടച്ചാൽ, **പടിഞ്ഞാറ്:** 4 മീറ്റർ വീതിയുള്ള സ്വകാര്യ വഴി, **വടക്ക്:** നെല്ലിപ്പറമ്പിൽ ജയലക്ഷ്മി വക വസ്തു, **തെക്ക്:** പാണ്ടിയത്ത് അർജുനന്റേയും, പദ്മിനിയുടേയും വക വസ്തു.

കരുതൽ വില: രൂ.52,00,000/– (അമ്പത്തിരണ്ട് ലക്ഷം രൂപ മാത്രം)
നിരതദ്രവ്യം (EMD) : രൂ.5,20,000/– (അഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)

ലേല തീയതി : 14.12.2026, രാവിലെ 11.00 ന് | EMD : 14.12.2026, രാവിലെ 10.30 ന് മുമ്പ്

വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക, അതായത് https://www.federalbank.co.in/ web/guest/tender-notices.

ഒപ്പ്/-
ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് - നുവേണ്ടി,
തീയതി: 24.11.2026 സ്ഥലം: തൃശ്ശൂർ (സർഫേസി ആക്ട് പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ)
T2611-608788

Federal Bank
എൽ. സി. ആർ. ഡി തൃശ്ശൂർ ഡിവിഷൻ
ഒന്നാം നില, ചെഞ്ചേരി ടവർ, തൃശ്ശൂർ – എറണാകുളം ഹൈ റോഡ്, ഒല്ലൂർ, തൃശ്ശൂർ-680306 Ph.0487-2424654, Email: tsrlcrd@federal.bank.in
www.federal.bank.in CIN: L65191KL1931PLC000368

വസ്തു ലേല വിൽപന പരസ്യം

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട്, 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻ ഫോഴ്സ്മെന്റ്) ചട്ടം 2002 റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തു ലേല വിൽപന അറിയിപ്പ്

ബാങ്കിന്റെ അംഗീകൃത ഉദ്യോഗസ്ഥൻ **23.01.2023** ന് ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചതനുസരിച്ച്, ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിൽ പണയപ്പെടുത്തിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന വസ്തു ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ളതാണെന്നും, വായ്പക്കാർ/ജാമ്യക്കാർ/ കുടിശ്ശികക്കാരായ **(1). ശ്രീമതി. സുജാത എം. ടി.** W/o നൗഷാദ് പി. എ, (a) മുടവനാൽ തെക്കേതിൽ, ഇലവുംതിട്ട പി.ഒ., പത്തനംതിട്ട, കേരളം 689625. (b) പൊക്കാക്കില്ലത്ത് ഹൗസ്, വെങ്കിടങ്ങ്, ഏനാമാക്കൽ, ചിരട്ടക്കടവ്, തൃശൂർ, കേരളം 680510. (c) ഫ്ളാറ്റ് നമ്പർ 4A, നാലാം നില, ഹൈ-ലൈഫ് ഹൈറ്റ്സ് അപ്പാർട്ട്മെന്റ്സ്, കേരള വർമ്മ കോളേജ് റോഡ്, ചുങ്കം, അയ്യന്തോൾ, കേരളം 680003. (d) ഫ്ളാറ്റ് നമ്പർ 4B, നാലാം നില, ഹൈ-ലൈഫ് ഹൈറ്റ്സ് അപ്പാർട്ട്മെന്റ്സ്, കേരള വർമ്മ കോളേജ് റോഡ്, ചുങ്കം, അയ്യന്തോൾ, കേരളം 680003. **(2) ശ്രീ. നൗഷാദ് പി. എ.**, S/o അബ്ബാസ്, (a) പൊക്കാക്കില്ലത്ത് ഹൗസ്, വെങ്കിടങ്ങ്, ഏനാമാക്കൽ, ചിരട്ടക്കടവ്, തൃശൂർ, കേരളം 680510. (b) മുടവനാൽ തെക്കേതിൽ, ഇലവുംതിട്ട പി.ഒ., പത്തനംതിട്ട, കേരളം 689625. (c) ഫ്ളാറ്റ് നമ്പർ 4A, നാലാം നില, ഹൈ-ലൈഫ് ഹൈറ്റ്സ് അപ്പാർട്ട്മെന്റ്സ്, കേരള വർമ്മ കോളേജ് റോഡ്, ചുങ്കം, അയ്യന്തോൾ, കേരളം 680003. (d) ഫ്ളാറ്റ് നമ്പർ 4B, നാലാം നില, ഹൈ-ലൈഫ് ഹൈറ്റ്സ് അപ്പാർട്ട്മെന്റ്സ്, കേരള വർമ്മ കോളേജ് റോഡ്, ചുങ്കം, അയ്യന്തോൾ, കേരളം 680003. **(3). ശ്രീമതി. കമലമ്മ**, D/o കല്യാണി അമ്മ, മുടവനാൽ, തെക്കേക്കര, പടിഞ്ഞാറേപ്പുരയിൽ ഹൗസ്, ഇലവുംതിട്ട പി.ഒ., പത്തനംതിട്ട, കേരളം 689625. എന്നിവരിൽ നിന്നും ലഭിക്കാനുള്ള **14.12.2026ലെ** തുകയായ **രൂ. 5,47,40,702.19 (അഞ്ച് കോടി നാല്പത്തിയേഴ് ലക്ഷത്തി നാല്പതിനായിരത്തി എഴുനൂറ്റി രണ്ട് രൂപ പത്തൊമ്പത് പൈസ മാത്രം.)** (നിങ്ങളുടെ (a) FHS അക്കൗണ്ട് നം. 12567300012352 ന് കീഴിൽ രൂ. 96,54,204 (b) പ്രോപ്പർട്ടി പവർ ലോൺ അക്കൗണ്ട് നം. 12567600071736 ന് കീഴിൽ രൂ. 4,45,74,981.10 (c) പേഴ്സണൽ ലോൺ അസറ്റ് ഗാർഡ് അക്കൗണ്ട് നം. 12567600071769 ന് കീഴിൽ രൂ. 5,11,517.09) ൽ തുടർന്നുള്ള പലിശ, ചെലവുകൾ, ചാർജുകൾ സഹിതം നിങ്ങളിൽ നിന്ന് സംയുക്തമായോ വ്യക്തിഗതമായോ ഈടാക്കുന്നതിനുവേണ്ടി (മുകളിൽ പരാമർശിച്ചിരിക്കുന്ന FHS വായ്പയുടെ മുഖ്യവായ്പക്കാർ നിങ്ങളിൽ ഒന്നാമത്തെയാളും, രണ്ടാമത്തെയാൾ സഹബാ